*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

166th Issue - Volume 4, No. 47 ജാഗ്രത 30th December 2010

KCBC Social Harmony & Vigilance

Commission Chairman

Bp. Mar Thomas Chakiath

Wishes You All

**"HAPPY NEW YEAR"**




**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Johny Kochuparambil MST

## പ്രധാന വാർത്തകൾ

കെ. കരുണാകരൻ വികസനത്തിന് വലിയ സംഭാവന നല്കിയ നേതാവ്: മാർ വർക്കി വിതയത്തിൽ

---

കെ. കരുണാകരൻ മതേതരത്വത്തിനുവേണ്ടി നിലകൊണ്ട മഹദ് വ്യക്തി: കെ.സി.ബി.സി

---

വചനശ്രവണം ക്രൈസ്തവ ജീവിതത്തിന് അടിസ്ഥാനം: മാർ മാത്യു മൂലക്കാട്ട്


---

മതങ്ങൾ നന്മയുടെ സന്ദേശം പകരേണ്ടവ: മാർ തോമസ് ചക്യത്ത്

---

പോഷക സംഘടനകൾ സർക്കാരിനെ തിരുത്തണം: കെ.സി.ബി.സി മദ്യവിരുദ്ധ സമിതി

## കെ. കരുണാകരൻ വികസനത്തിന് വലിയ സംഭാവന നല്കിയ നേതാവ്: മാർ വർക്കി വിതയത്തിൽ



കോൺഗ്രസ് നേതാവും മുൻ മുഖ്യ മന്ത്രിയുമായിരുന്ന കെ. കരുണാകരന്റെ നിര്യാണത്തിൽ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ അനുശോചനം രേഖപ്പെടുത്തി. നാലു തവണ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ കേരളത്തിന്റെ സർവതോമുഖമായ വികസനത്തിനു വലിയ സംഭാവനകൾ നല്കിയ നേതാവായിരുന്നുവെന്നു മാർ വിതയത്തിൽ അനുശോചന സന്ദേശത്തിൽ പറഞ്ഞു. മതസമുദായങ്ങൾക്ക് അർഹമായ സ്ഥാനം എല്ലാ തലങ്ങളിലും നൽകാൻ കരുണാകരൻ താത്പര്യം പുലർത്തുകയും മതസൗഹാർദം കാത്തുസൂക്ഷിക്കാൻ അതീവശ്രദ്ധ കാണിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ തന്റെ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതിനൊപ്പം ആത്മാവിന് നിത്യശാന്തി ലഭിക്കാൻ പ്രാർഥിക്കുന്നുവെന്നും കർദിനാൾ മാർ വർക്കി വിതയത്തിൽ പറഞ്ഞു.

## കെ. കരുണാകരൻ മതേതരത്വത്തിനുവേണ്ടി നിലകൊണ്ട മഹദ് വ്യക്തി: കെസിബിസി

കേരളത്തിന്റ മുഖ്യമന്ത്രിയെന്ന നിലയിൽ കെ. കരുണാകരൻ സംസ്ഥാനത്തിന്റ സമഗ്ര വികസന ത്തിനും ജനാധിപത്യത്തിനും മതേതരത്വ ത്തിനുംവേണ്ടി നിലകൊണ്ട മഹദ്വ്യക്തിത്വത്തിന് ഉടമയായിരുന്നു വെന്നു കേരള കത്തോലിക്ക മെത്രാൻ സമിതി (കെസിബിസി) അനുസ്മരിച്ചു. മതസൗഹാർദത്തിനും സമുദായിക ഐക്യത്തിനുംവേണ്ടി നിരവധി നവീന സംരംഭങ്ങൾക്കു തുടക്കംകുറിച്ച ക്രാന്തദ ർശിയായ കെ. കരുണാകരനെ മലയാളിക്കും നമ്മുടെ നാടിനും ഒരിക്കലും മറക്കാനാവില്ല. സമുദായ സൗഹാർദവും സാഹോദര്യവും നിലനിൽക്കാൻ വേണ്ടി അദ്ദേഹം നല്കിയ നിസ്തുലമായ നേതൃത്വവും സേവനങ്ങളും കേരളസമൂഹം എന്നും സ്മരിക്കുമെന്ന് കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, സെക്രട്ടറി ജനറൽ ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

## വചനശ്രവണം ക്രൈസ്തവ ജീവിതത്തിന് അടിസ്ഥാനം: മാർ മാത്യു മൂലക്കാട്ട്



വചനശ്രവണം ക്രൈസ്തവ ജീവിത ത്തിന് അടിസ്ഥാനമാണെന്ന് ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്. പാലാ രൂപത ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ നഗർ ബൈബിൾ കൺവൻഷനിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുക യായിരുന്നു അദ്ദേഹം. വചനശ്രവണത്തേക്കാൾ പ്രധാനം വചനത്തിനനുസരിച്ചു ജീവിക്കുക എന്നതാണ്. വചനജ്വാലയിൽ ജീവിതം നയിച്ചു സഭയുടെ സജീവ അംഗങ്ങളാകണം. വചനപ്രഘോഷണവേദികളിൽ ക്രൈസ്തവജീവിതം ഒരുക്കപ്പെടുന്നതു മാത്രമേയുള്ളൂ. വചനശ്രവണം ജീവദായകവും ജീവിതത്തെ മാറ്റിമറിക്കാൻ കഴിയുന്നതുമാണ്. ഇതിനെ ഫലദായകവും അനുഗ്രഹദായകവുമാക്കണം. വചനശ്രവണത്തിലൂടെ മനുഷ്യാവതാരത്തിന്റെ മഹനീയ ഫലങ്ങളിലെത്തണം. മനുഷ്യത്വമുള്ളവരായി തീരാനുള്ള ആഹ്വാനമാണ് മനുഷ്യാവതാരം വെളിവാക്കുന്നത്. മനുഷ്യാവതാരം ചരിത്രത്തിന്റെ ഭാഗമല്ല, വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യമാണ്. വചനജ്വാലയിൽ ജ്വലിച്ച് വിശുദ്ധീകരിക്കപ്പെടണം - ആർച്ച്ബിഷപ് പറഞ്ഞു. അരുവിത്തുറ ഫൊറോന വികാരി ഫാ. തോമസ് ഓലിക്കൽ, കോതനല്ലൂർ ഫൊറോന വികാരി ഫാ. ഏബ്രഹാം കണിയാംപടി എന്നിവർ വിശുദ്ധ കുർബാനയിൽ സഹകാർമികരായി. ഫാ. സേവ്യർഖാൻ വട്ടായിലിനൊപ്പം ഫാ. ബിനോയി കരിമരുതുങ്കൽ, ബ്രദർ സാബു കാസർഗോഡ് എന്നിവർ വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

### മതങ്ങൾ നന്മയുടെ സന്ദേശം പകരേണ്ടവ: മാർ തോമസ് ചക്യത്ത്



തീവ്രവാദ ചിന്താഗതിയുള്ള ഏതാനും പേരുടെ പ്രവർത്തനങ്ങൾ മതങ്ങളുടെ മുഖം നഷ്ടപ്പെടുത്തുകയാണെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. പെരുമ്പാവൂരിൽ നടന്ന മതമൈത്രി സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതങ്ങൾ നന്മയുടെ സന്ദേശം പകരേണ്ടവയാണ്. ആശയങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് മനുഷ്യരെ വിവിധ വേലിക്കെട്ടുകളിലാക്കുന്നത് അഭിലഷണീയമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാലടി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ.എസ് രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. എൻ.വി.സി അഹമ്മദ്, ഹരി സ്വാമി, ഫാ. സഖറിയാസ് പറനിലം, അഡ്വ. ജോസ് വിതയത്തിൽ, ഫാ. ജോസ് പാലത്തിങ്കൽ, കെ.എം.എ സലാം, ബാബു ജോസഫ്, ചിന്നമ്മ, എം.പി അബ്ദുൾ കാദർ, എം.ജി ഗോവിന്ദൻകുട്ടി, ജോൺ ടി. ബേബി, ജിമ്മി, ഇ.പി ഷെമീർ, പി.പി ജെരാർദ്, കെ.എ യൂസഫ്, യൂസഫ് ഉമരി തുടങ്ങിയവർ പ്രസംഗിച്ചു.

### പോഷക സംഘടനകൾ സർക്കാരിനെ തിരുത്തണം: കെസിബിസി മദ്യവിരുദ്ധ സമിതി

നിയമസഭാ തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിന് ഏകദേശം 90 ദിവസങ്ങൾ മാത്രം അവശേഷിക്കെ മദ്യത്തിനെതിരേ ജാഥ നയിച്ചിറങ്ങിയിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പോഷകസംഘടനകൾക്ക് ഇക്കാര്യത്തിൽ അല്പമെങ്കിലും ആത്മാർഥതയുണ്ടെങ്കിൽ സർക്കാരിന്റെ മദ്യപ്രളയനയത്തെ തിരുത്തിക്കണമെന്നു കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ മദ്യവിരുദ്ധ സമിതി. സർക്കാർ നാട്ടിലുടനീളം മദ്യപ്രളയം സൃഷ്ടിച്ചു ജനത്തെ കുടിപ്പിച്ചു കിടത്തുമ്പോൾ ഭരണത്തിനു നേതൃത്വം നല്കുന്ന പാർട്ടിയുടെ പോഷകസംഘടനകൾ സെക്രട്ടറിയറ്റിലേക്കോ മന്ത്രി മന്ദിരങ്ങളിലേക്കോ ജാഥ നടത്തുന്നതാണ് ഉചിതമെന്നു സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള ചൂണ്ടിക്കാട്ടി. കേരളം നേരിടുന്ന ഏറ്റവും വലിയ തീവ്രവാദം മതത്തിനുവേണ്ടിയുള്ളതല്ല, മദ്യത്തിനുവേണ്ടിയുള്ളതാണ്. ഇതാണു കേരളം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയും. ഈ തീവ്രവാദത്തിൽ ഏർപ്പെടുന്നവരിൽ ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും ഉണ്ട്. തന്റെ മണ്ഡലത്തിൽ കുടിവെള്ളം ഇല്ലെങ്കിലും മദ്യഷാപ്പു വേണമെന്നു വാദിക്കുന്ന ജനപ്രതിനിധികളെ എക്സൈസ് വകുപ്പിന്റെ ഫയലുകളോ നിയമസഭാ രേഖകളോ പരിശോധിച്ചാൽ കാണാൻ സാധിക്കും. ഇങ്ങനെയുള്ളവർക്കെതിരേ പരസ്യ പ്രചാരണം തുടങ്ങും. നിയമസഭയിൽ മദ്യപിച്ചെത്തുന്ന സാമാജികരുമുണ്ടെന്ന യാഥാർഥ്യം പരസ്യമായി പ്രഖ്യാപിച്ച ആരോഗ്യമന്ത്രിയെ പാർട്ടിയും ഭരണക്കാരും തിരുത്തിയെങ്കിലും ആരോഗ്യമന്ത്രി വിവരക്കേടു പറഞ്ഞുവെന്നു കേരളത്തിലെ ജനം കരുതുന്നില്ലെന്നും പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടി.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org,

Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA